"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മാതാപിതാക്കൾ നഷ്ടമായ കുട്ടിയുടെ ഭാവി ആവശ്യങ്ങൾക്കായി മരണപ്പെട്ടുപോയ ദമ്പതികളുടെ വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1429/2023/LSGD തീയതി,തിരുവനന്തപുരം, 13-07-2023

---

പരാമർശം:-
1. ശ്രീ.കെ.ജ്ഞാനദാസ്, ആരാധ്യ ഭവൻ, നെല്ലിക്കുന്ന്, മുല്ലൂർ പി.ഒ. സമർപ്പിച്ച 03.02.2023-ലെ അപേക്ഷ.
2. പഞ്ചായത്ത് ഡയറക്ടർ/ വിവാഹ(പൊതു) മുഖ്യ രജിസ്ട്രാർ ജനറലിന്റെ 05.02.2023-ലെ PAN/1285/2023-B2(DP) നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1 അപേക്ഷ സമർപ്പിച്ച ശ്രീ.കെ.ജ്ഞാനദാസിന്റെ മകൾ ജോളി.പി.ദാസും എസ്.അജികുമാറും തമ്മിൽ **28.08.2008** ൽ വിവാഹിതരായിരുന്നു. ശ്രീമതി.ജോളി പി ദാസ് **10.01.2012**-ാം തീയ്യതിയും ശ്രീ.എസ്.അജികുമാർ **02.01.2018**--ാം തീയ്യതിയും മരണപ്പെട്ടു. പരേതയായ തന്റെ മകൾ ജോളി.പി.ദാസും പരേതനായ എസ്.അജികുമാറും തമ്മിൽ **28.08.2008** ൽ നടന്ന വിവാഹം അവരുടെ കുട്ടിയുടെ ഭാവി ആവശ്യങ്ങൾക്കായി രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ.കെ.ജ്ഞാനദാസ് പരാമർശം **1** അപേക്ഷ പരാമർശം **2** മുഖേന സർക്കാരിന്റെ പ്രത്യേക അനുമതിയ്ക്കായി സമർപ്പിച്ചിരുന്നു.

**2. 28.08.2008** ൽ മുല്ലൂർ സി.എസ്.ഐ ചർച്ചിൽ വച്ച് നടന്നതായ ജോളി പി ദാസും എസ്.അജികുമാറും തമ്മിലുള്ള വിവാഹം തക്കസമയത്ത് പഞ്ചായത്തിൽ അറിയിക്കുവാൻ സാധിച്ചിരുന്നില്ല. തുടർന്ന് പരേതരായ ടി ദമ്പതികളുടെ വിവാഹം അവരുടെ കുട്ടിയുടെ ഭാവി ആവശ്യങ്ങൾക്കായി രജിസ്റ്റർ ചെയ്യുന്നതിന് തിരുവനന്തപുരം നഗരസഭ വിഴിഞ്ഞം സോണൽ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും സർക്കാരിന്റെ പ്രത്യേക അനുമതി വാങ്ങണമെന്ന് അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിലാണ് പ്രസ്തുത വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേക അനുമതി നൽകണമെന്നാവശ്യപ്പെട്ട് സർക്കാരിൽ അപേക്ഷ സമർപ്പിച്ചത്.

**3.** മേൽ കേസിൽ ഭാര്യാഭർത്താക്കന്മാരിരുവരും മരണപ്പെട്ടതിനാൽ അവരുടെ

വിവാഹം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിൽ പരാമർശിച്ചുകാണുന്നില്ല. അപേക്ഷകന്റെ മകളുടെ മകന്റെ ഭാവി വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാതാപിതാക്കളുടെ വിവാഹ സർട്ടിഫിക്കറ്റ് ആവശ്യമായതിനാലാണ് ഇപ്രകാരം വിവാഹം രജിസ്റ്റർ ചെയ്യേണ്ട സാഹചര്യം വന്നിട്ടുള്ളതെന്ന് അപേക്ഷകൻ അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ ഈ വിവാഹം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമാണെന്നും പഞ്ചായത്ത് ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.ജോളി പി ദാസും ശ്രീ.എസ്.അജികുമാറും തമ്മിലുള്ള വിവാഹം നടന്നത് 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷമാണ്. മാതാപിതാക്കൾ നഷ്ടമായ കുട്ടിക്ക് ഭാവിയിലെ വിവിധ ആവശ്യങ്ങൾക്കായി മാതാപിതാക്കളുടെ വിവാഹ സർട്ടിഫിക്കറ്റ് ആവശ്യമായി വരുമെന്നതിനാൽ പരാമർശം 1 അപേക്ഷ അനുകമ്പാർഹമാണെന്ന് സർക്കാർ മനസിലാക്കുന്നു.

5. മേൽ സാഹചര്യത്തിൽ, പരാമർശം 1 അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിച്ച് ശ്രീമതി.ജോളി പി ദാസ്, ശ്രീ.എസ്.അജികുമാർ എന്നിവർ തമ്മിൽ മുല്ലൂർ സി.എസ്.ഐ ചർച്ചിൽ വച്ച് 28.08.2008 ൽ നടന്നതായ വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് ബന്ധപ്പെട്ട അധികാരിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രഞ്ജൻ രാജ് ആർ പി**

**ഡെപ്യൂട്ടിസെക്രട്ടറി**

ഉത്തരവിൻ പ്രകാരം

Signed by
Pradeesh M
Date: 13-07-2023 15:49:51

സെക്ഷൻ ഓഫീസർ

1. ശ്രീ.കെ.ജ്ഞാനദാസ്, ആരാധ്യഭവൻ, നെല്ലിക്കുന്ന്, മുല്ലൂർ പി.ഒ., തിരുവനന്തപുരം.
2. തദ്ദേശ വിവാഹ രജിസ്ട്രാർ(പൊതു വിവാഹം), വിഴിഞ്ഞം സോണൽ, തിരുവനന്തപുരം നഗരസഭ.
3. പഞ്ചായത്ത് ഡയറക്ടർ/ വിവാഹ(പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ, തിരുവനന്തപുരം.

4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് , എ&ഇ), തിരുവനന്തപുരം.
5. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം.
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
7. ഡയറക്ടർ, ഐ&പിആർഡി(വെബ് &ന്യൂമീഡിയ),തിരുവനന്തപുരം.
8. നിയമ (ഉപദേശ ഡി) വകുപ്പ് (OPN-D3/60/2023-LAW)
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി ( ഫയൽ നം. ആർ.സി3/105 /2023/തസ്വഭവ).